Malayalamanorama 22-11-18, P-14

# വരൂ, തുടങ്ങാം തക്കാളിക്കൃഷി



തക്കാളിക്കൃഷി ആരംഭിക്കാൻ പറ്റിയ സമയമാണിത്. തുറസ്സായ സ്ഥലങ്ങളിൽ മാത്രമല്ല, ഗ്രോബാഗിലും പോളിഹൗസിലും മഴമറയിലും കൃഷി ചെയ്യാമെന്ന മെച്ചവുമുണ്ട്.

## ഇനങ്ങൾ

**ശക്തി:** കാർഷിക സർവകലാശാല പുറത്തിറക്കിയ ഇനം. ഇടത്തരം വലുപ്പമുള്ള പരന്നുരുണ്ട കായ്കൾ. പച്ച നിറത്തിലുള്ള ഷോൾഡർ.

**മുക്തി:** ഇളം പച്ചനിറമുള്ള കായ്കൾ. ബാക്ടീരിയൽ വാട്ടരോഗത്തിനെതിരെ പ്രതിരോധ ശേഷി.

**അനഘ:** ഇടത്തരം വലുപ്പമുള്ള കായ്കൾ. പഴുക്കുമ്പോൾ നല്ല ചുവപ്പു നിറം. കായ് വിണ്ടുകീറുകയില്ല. വീടുകളിലെ പച്ചക്കറിത്തോട്ടത്തിന് യോജിച്ചത്.

**വെള്ളായണി വിജയ്:** അത്യുൽപാദന ശേഷിയുള്ള ഇനം. വീടുകളിലെ തോട്ടത്തിന് അനുയോജ്യം.

**ശിവം, മീര:** രണ്ടും അത്യുൽപാദന ശേഷിയുള്ളവ. നമ്മുടെ കാലാവസ്ഥയ്ക്കു യോജിച്ചത്. ഒരു ചെടിയിൽ നിന്നു ശരാശരി രണ്ടുമുതൽ മൂന്നു കിലോഗ്രാം വരെ വിളവ്.

## കൃഷിരീതി

മഴക്കാലം കഴിഞ്ഞ് മഞ്ഞുകാലം തുടങ്ങുമ്പോഴാണ് അനുയോജ്യമായ നടീൽക്കാലം. വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ ഒഴിവാക്കണം. ഒരു സെന്റ് കൃഷി ചെയ്യാൻ രണ്ടു ഗ്രാം വിത്തു മതി. മുളപ്പിച്ച് 25 ദിവസത്തിനു ശേഷം മാറ്റിനടാം. വാരങ്ങൾ തമ്മിലും ചെടികൾ തമ്മിലും രണ്ടടി ഇടയകലം നൽകണം. നല്ല വാർച്ചയും നല്ല സൂര്യപ്രകാശവും ലഭിക്കുന്ന സ്ഥലങ്ങളാവണം നടീലിനായി തിരഞ്ഞെടുക്കേണ്ടത്.

## വളപ്രയോഗം

നടുന്നതിനു മുൻപായി സെന്റ് ഒന്നിന് 2 കിലോഗ്രാം കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് ചേർത്ത് നന്നായി മണ്ണിളക്കണം. ചെടി ഒന്നിന് ഒരു കിലോഗ്രാമെങ്കിലും ജൈവവളം അടിവളമായി നൽകണം. ചാണകപ്പൊടി, കപ്പലണ്ടിപ്പിണ്ണാക്ക്, വെർമികംപോസ്റ്റ്, എന്നിങ്ങനെ ഏതു ജൈവവളവും ഉത്തമമാണ്. നട്ട് ഒരുമാസം കഴിഞ്ഞ് 50 ഗ്രാം കപ്പലണ്ടിപ്പിണ്ണാക്കും 25 ഗ്രാം ചാരവും ചെടി ഒന്നിന് എന്ന കണക്കിൽ നൽകാം. അതിനുശേഷം മൂന്നാഴ്ച ഇടവിട്ട് കപ്പലണ്ടിപ്പിണ്ണാക്ക് പുളിപ്പിച്ചതോ മണ്ണിരകംപോസ്റ്റോ ചെടി ഒന്നിന് 50 ഗ്രാം എന്ന രീതിയിൽ നൽകാം.

## രോഗകീട നിയന്ത്രണം

വെള്ളീച്ച, ചിത്രകീടം തുടങ്ങിയ കീടങ്ങളും വാട്ടം എന്ന രോഗവും ബ്ലോസം എൻഡ്റോട്ട് എന്ന മൂലക അപര്യാപ്തതാ രോഗവുമാണ് പ്രധാന പ്രശ്നങ്ങൾ. വെള്ളീച്ച, ചിത്രകീടം എന്നിവയ്ക്കെതിരായി വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം, നിംബിസിഡിൻ- മൂന്നു മില്ലി / ലീറ്റർ, വെർട്ടിസീലിയം - 20 ഗ്രാം / ലീറ്റർ എന്നീ രീതിയിൽ നിയന്ത്രണം സാധ്യമാകും.

തൈ നടുമ്പോൾ സ്യൂഡോമോണാസ് 20 ഗ്രാം / ലീറ്റർ എന്ന തോതിലെടുത്തു തടം കുതിർക്കുകയും മാറ്റി നടുമ്പോൾ തൈകളുടെ വേരുകൾ സ്യൂഡോമോണാസ് ലായനിയിൽമുക്കിയതിനു ശേഷം നടുകയും ചെയ്താൽ വാട്ടത്തിനെ പ്രതിരോധിക്കാം.

തയാറാക്കിയത്: ജോസഫ് ജോൺ തേറാട്ടിൽ, കൃഷി ഓഫിസർ, പഴയന്നൂർ.